പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 181 **27-10-2026-ൽ മറുപടിയ്ക്ക്**

സൈബർ സേഫ് കേരള 2026

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കുട്ടികളുടെ സൈബർ സുരക്ഷ ലക്ഷ്യമിട്ട് വിഭാവനം ചെയ്യുന്ന സൈബർ സേഫ് കേരള 2026 പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: കേരളത്തിൽ വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, കുട്ടികൾക്കെതിരായ ഓൺ ലൈൻ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിന മായി കേരളാ പോലീസ് ആവിഷ്കരിക്കുന്ന പദ്ധതിയാണ് സൈബർ സേഫ് കേരളം.

സൈബർ സുരക്ഷാ അവബോധം ശക്തിപ്പെടുത്തുക, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരായ മുൻ കരുതലുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക, കുട്ടികളുടെ സുരക്ഷി തമായ ഇന്റർനെറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുക, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി പോലീസ്, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായ മേഖല (Police-Academia-Industry Partnership) എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ സൈബർ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എൻജിനീയറിംഗ് കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ,ഐ.ടി വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൈബർ സുരക്ഷാ പരിശീലനം, ഗവേഷണം, സാങ്കേതിക വിജ്ഞാന കൈമാറ്റം, സൈബർ ഭീഷണികൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ പോലീസ് ജില്ലകളിൽ സൈബർ റെസിലിയൻസ് സെന്ററുകൾ (Cyber Resilience Centers) സ്ഥാപിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക വൈദഗ്ധ്യം സൈബർ സുരക്ഷാ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഈ ഏകോപിത പ്രവർത്തനങ്ങളിലൂടെ സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുക, സാങ്കേതിക വിദ്യാധിഷ്ഠിത സൈബർ സുരക്ഷാ ശേഷി വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും സുരക്ഷിതമായ ഡിജിറ്റൽ അന്തരീക്ഷം ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യങ്ങൾ.

(ബി) സൈബർ ബുള്ളിയിങ്, വ്യാജവാർത്ത, ഗെയിമിങ് അഡിക്ഷൻ തുടങ്ങിയ അപകടങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ബോധവൽക്കരണം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

<u>മറുപടി:</u> ഉണ്ട്. കേരളാ പോലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം, സൈബർ ഡിവിഷൻ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്ന തിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിനു മായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ- കോളേജ് വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കായി സൈബർ ബുള്ളിയിംഗ്, വ്യാജ വാർത്തകളുടെ പ്രചാരണം, ഓൺലൈൻ തട്ടിപ്പുകൾ, ഗെയിമിങ്ങിന്റെ അമിത ഉപയോഗം, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതിയുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ അധ്യാപകർക്ക് സൈബർ സുരക്ഷാ പരിശീലനം നൽകി വരുന്നു. കിഡ്ഗ്ലോവ് (KidGlove) പദ്ധതിയിലൂടെ കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കിടയിൽ സുരക്ഷിതമായ ഇന്റർ നെറ്റ് ഉപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കുട്ടികൾക്കെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഓപ്പറേഷൻ പി-ഹണ്ട് ഉൾപ്പെടെയുള്ള പരിശോധനാ നടപടികൾ ശക്തമാക്കുകയും സാമൂഹിക മാധ്യമങ്ങളിൽ സൈബർ പട്രോളിംഗ് നടത്തുകയും ചെയ്യുന്നു. സൈബർ ആസ്ഥാനത്തെയും വിവിധ ജില്ലകളിലെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പി ച്ചു വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുക, സുരക്ഷിതവും ഉത്തരവാദിത്ത പൂർണ്ണവുമായ ഡിജിറ്റൽ പെരുമാറ്റം പ്രോത്സാഹിപ്പിക്കുക, സ്ത്രീകളുടെയും കുട്ടി കളുടെയും സൈബർ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ പ്രവർത്തനങ്ങളുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ.

(സി) സുസ്ഥിരമായ ഡിജിറ്റൽ ഉത്തരവാദിത്തം വളർത്തിയെടുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>മറുപടി:</u> സുസ്ഥിരമായ ഡിജിറ്റൽ ഉത്തരവാദിത്തം (Sustainable Digital Responsibility) വളർ ത്തിയെടുക്കുന്നതിനും സമൂഹം, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൈബർ സുരക്ഷാ അവബോധവും, ഉത്തരവാദിത്ത പൂർണ്ണമായ ഡിജിറ്റൽ പെരുമാറ്റവും പ്രോത്സാഹിപ്പിക്കുന്നതിനുമായി നിലവിലുള്ള പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനൊപ്പം പുതിയ പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പോലീസ്-അക്കാദമിക് സ്ഥാപനങ്ങൾ-വ്യവസായ മേഖല (Police-Academia-Industry Partnership) എന്നിവയുടെ സഹകരണത്തോടെ സൈബർ റെസിലിയൻസ് സെന്ററുകൾ (Cyber Resilience Centers-CRC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏകദേശം 150 എൻജിനീയറിംഗ് കോളേജുകളെയും 1,200 ഗ്രാമങ്ങളെയും തെരഞ്ഞെടുത്ത്, കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ഗ്രാമതലത്തിൽ സൈബർ സുരക്ഷാ ബോധവൽക്കരണം വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. മാറിവരുന്ന സൈബർ കുറ്റ കൃത്യങ്ങളുടെ രീതികൾക്കനുസൃതമായി അവ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും സഹായകമായ ബോധവൽക്കരണ പരിപാടികളും പരിശീലന പ്രവർത്തന ങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്.

കേരള പോലീസ് നടപ്പിലാക്കി വരുന്ന കിഡ്ഗ്ലോവ് (KidGlove), സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC), D-DAD തുടങ്ങിയ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിച്ച് വിദ്യാലയതലത്തിൽ സൈബർ സുരക്ഷാ

ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും കുട്ടികളിൽ ഉത്തരവാദിത്ത പൂർണ്ണമായ ഡിജിറ്റൽ പെരുമാറ്റം വളർത്തിയെടുക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ, ഓൺലൈൻ അപകട സാദ്ധ്യതകൾ തിരിച്ചറിയുന്നതിനും, സൈബർ കുറ്റകൃത്യങ്ങൾ സുരക്ഷിതമായി റിപ്പോർട്ട് ചെയ്യുന്നതിനും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പങ്കാളിത്തത്തോടെ നൂതന ബോധവൽക്കരണ- പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതും പരിഗണിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ